ഭരണഭാഷ മാതൃഭാഷ

സി 4/58461/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 15/12/2018

# പത്രക്കുറിപ്പ്

2019 ഫെബ്രുവരി മാസത്തിൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ ജീവനക്കാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്നു. പരാതികൾ 31/12/2018 -നു മുൻപായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് (പരാതി പരിഹാര സെൽ), വികാസ് ഭവൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം, (ഫോൺ നം. 0471 2303107) എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷയുടെ മുകൾ ഭാഗത്ത് / കവറിന് മുകളിൽ **ഫയൽ അദാലത്ത് 2019** എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

ഹരിത.വി.കുമാർ. ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

വൈ.റ്റി. 15/12/18